## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *382 — 24.08.2017-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ.വി.ഡി.സതീശൻ
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗക്കാർക്കായി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രധാന ക്ഷേമ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>• സമഗ്ര ആരോഗ്യ പദ്ധതി<br>• പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി<br>• പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി<br>• ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി<br>• ഭൂരഹിതർക്ക് ഭൂമി വാങ്ങുന്ന പദ്ധതി<br>• അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി<br>• പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ |

| | | | |
|---|---|---|---|
| | | | സ്കോളർഷിപ്പ് പദ്ധതികൾ<br>• പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനായി ഗോത്രസാരഥി പദ്ധതി<br>• വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠന മുറി, ഗോത്രബന്ധു പദ്ധതികൾ<br>• പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി<br>• തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം.<br>• പി.കെ.കാളൻ കുടുംബ ക്ഷേമ പദ്ധതി |
| ബി) | ഈ വിഭാഗക്കാർക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) & സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ<br>2. ഗോത്രബന്ധു - പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം - 4 കോടി രൂപ<br>3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം (അടിസ്ഥാന സൗകര്യങ്ങൾ, M.G.N.R.E.G.S തൊഴിലിനുള്ള വേതനം, ആരോഗ്യം, 2013-14 മുതൽ നടപ്പിലാക്കി വരുന്ന ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതിയുടെ |
| സി) | ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിച്ച് ആയത് നടപ്പാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സ്പിൽ ഓവർ, പി.കെ.കാളൻ കുടുംബ ക്ഷേമ പദ്ധതി ഉൾപ്പെടെ) - 100 കോടി രൂപ<br>4. ഗോത്രവാത്സല്യനിധി - 2.00 കോടി രൂപ<br>5. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം - 10 ലക്ഷം രൂപ<br>6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.<br>7. പോഷകാഹാരക്കുറവ്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ, സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.<br>8. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്/ഹോസ്റ്റലുകളുടെ നിർമ്മാണം. |

[signature]

സെക്ഷൻ ഓഫീസർ